LIBRARY ARCHIVES Kerala Legislative Assembly

പുതിയ റേഷൻ കാർഡ് വിതരണം

183 (3933) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കുടുംബങ്ങൾക്കുള്ള പുതിയ റേഷൻ കാർഡ് വിതരണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നുമുണ്ടായില്ലെങ്കിൽ 1-9-2015-ന് പുതിയ കാർഡുകൾ വിതരണം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പുതിയ റേഷൻ കാർഡിലെ വിവരങ്ങൾ

184 (3934) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡിൽ എന്തെല്ലാം വിവരങ്ങളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) റേഷൻ കാർഡ് ഒന്നിന് എത്ര യുക ഈടാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പുതിയ റേഷൻ കാർഡിൽ കാർഡുടമയുടെ പേര്, കാർഡുടമയുടെ മേൽവിലാസം, കുടുംബത്തിന്റെ പ്രതിമാസ വരുമാനം, റേഷൻകട വഴി വാങ്ങുന്ന സാധനങ്ങളുടെ അളവ്, സപ്ലൈകോ/കൺസ്യൂമർഫെഡ് എന്നിവയിൽ നിന്ന് വാങ്ങുന്ന 7 അവശ്യസാധനങ്ങളുടെ അളവ് തുടങ്ങിയ വിവരങ്ങളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

(ബി) റേഷൻ കാർഡ് ഒന്നിന് എത്ര യുക ഈടാക്കണം എന്നതിനെക്കുറിച്ച് തീരുമാനം എടുത്തിട്ടില്ല.

റേഷൻ അരി

185 (3935) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: